# പതിമൂന്നാം കേരള നിയമസഭ
## ആറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. **2500** 19.12.2012-ൽ മറുപടി നൽകേണ്ടിയിരുന്നത്

### സേഫ് തിരുവനന്തപുരം പദ്ധതി

**ചോദ്യം**

ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻനായർ :
,, വി. ശിവൻകുട്ടി :
,, കെ. കുഞ്ഞമ്മത് മാസ്റ്റർ :
,, കെ. വി. അബ്ദുൾ ഖാദർ :

**മറുപടി**

ശ്രീ. വി. എസ്. ശിവകുമാർ
(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി)

(എ) സേഫ് തിരുവനന്തപുരം പദ്ധതിയുടെ ഭാഗമായി ജില്ലയിലെ മെഡിക്കൽ ലാബുകളിൽ നടത്തിയ പരിശോധനയിൽ കണ്ടെത്തിയ വിവരങ്ങൾ എന്തെല്ലാമാണ് ;

(എ) 1. തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്നതായി കണ്ടെത്തിയ ലാബുകൾ - 100.
2. അംഗീകൃത യോഗ്യതയില്ലാത്ത ജീവനക്കാർ ജോലി ചെയ്യുന്നതായി കണ്ടെത്തിയ ലാബുകൾ - 112.
3.അടിസ്ഥാന സൗകര്യങ്ങൾ ഇല്ലാതെ പ്രവർത്തിക്കുന്നതായി കണ്ടെത്തിയ ലാബുകൾ - 87.
4.ഉപകരണങ്ങളുടെ പ്രവർത്തനക്ഷമത ഇല്ലാത്തതായി കണ്ടെത്തിയ സ്ഥാപനങ്ങൾ - 42.
5.കാലാവധി കഴിഞ്ഞ മരുന്നുകൾ (Re-agents Test Kit) ഉപയോഗിച്ച് പരിശോധന നടത്തിയിരുന്ന സ്ഥാപനങ്ങൾ - 49.
6. അണുവിമുക്തി വരുത്താത്ത ഉപകരണങ്ങൾ, സൂചി - സിറിഞ്ച് എന്നിവ ഉപയോഗിക്കുന്നതായി കണ്ടെത്തിയ സ്ഥാപനങ്ങൾ - 31.
7. ഗുണനിലവാര പരിശോധന നടത്തുന്ന സ്ഥാപനങ്ങൾ - 17/295.
8. മാലിന്യ സംസ്കരണം ശരിയായി നടത്താത്ത സ്ഥാപനങ്ങൾ - 81.

(ബി) മറ്റു ജില്ലകളിൽ ഇത്തരം പരിശോധന നടത്താൻ നടപടി സ്വീകരിക്കുമോ ;

(ബി) നടപടി സ്വീകരിക്കുന്നതാണ്.

(സി) ലൈസൻസില്ലാത്ത ഇത്തരം രോഗവ്യാപന കേന്ദ്രങ്ങളെ നിയന്ത്രിക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്താമോ ?

(സി) വീഴ്ച വരുത്തുന്നവർക്കെതിരെ പൊതുജനാരോഗ്യ നിയമം അനുസരിച്ച് നടപടി എടുക്കുന്നതിന് വ്യവസ്ഥകളുണ്ട്. തദ്ദേശ സ്വയംഭരണ വകുപ്പിനും നടപടി എടുക്കാവുന്നതാണ്.

സെക്ഷൻ ഓഫീസർ